# ലൈഫ്

## ഭവനമേഖലയിൽ ജനകീയ ബദൽ

ഇ. ചന്ദ്രശേഖരൻ
(റവന്യൂ-ഭവന നിർമാണ വകുപ്പ് മന്ത്രി)

മനുഷ്യവികസന സൂചികയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം രാജ്യത്തിന് മാതൃകയാണെന്നത് അഭിമാനകരമാണ്. ആയുർദൈർഘ്യം, പ്രതിശീർഷ വരുമാനം, സാക്ഷരത എന്നീ മനുഷ്യ വികസന സൂചികയുടെ പ്രധാന ഘടകങ്ങളോടൊപ്പം നിൽക്കുന്ന അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് പാർപ്പിടം. കഴിഞ്ഞ കുറേ വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ ഫലമായി നമ്മുടെ ഭവന നിർമാണ മേഖല വളരെയേറെ മുന്നോട്ടു പോയെങ്കിലും ഭവനരഹിതരും ഭൂരഹിതരും ഭവനനിർമാണം പൂർത്തിയാക്കാൻ കഴിയാത്തവരുമായ ലക്ഷക്കണക്കിന് ആളുകൾ ഇപ്പോഴും കേരളത്തിലുണ്ട്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പാർപ്പിടം ഒരുക്കുക എന്ന ലക്ഷ്യം കൈവരിക്കാനാണ് സമ്പൂർണ പാർപ്പിട സുരക്ഷാ മിഷൻ അഥവാ 'ലൈഫി'ന് (livelyhood inclusion financial empowerment) സർക്കാർ രൂപം നൽകിയിരിക്കുന്നത്. അന്തർദേശീയ തലത്തിൽ തന്നെ ശ്രദ്ധയാകർഷിക്കാൻ കഴിയുന്ന, പാർപ്പിട രംഗത്തെ കേരള മാതൃകയായാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.



കേരളം രൂപീകൃതമായി അധികം വൈകാതെ സമഗ്രമായ വിദ്യാഭ്യാസ നയവും, ആരോഗ്യ നയവും അനുബന്ധ പദ്ധതികളും ഉണ്ടായെങ്കിലും സമഗ്രമായ പാർപ്പിട പദ്ധതി രൂപപ്പെടുന്നത് 1970-ഓടുകൂടിയാണ്. എം.എൻ.ഗോവിന്ദൻ നായർ ഭവന നിർമാണ മന്ത്രി ആയിരുന്നപ്പോൾ ആരംഭിച്ച ലക്ഷംവീട് പദ്ധതിയിലൂടെ 1970 മുതൽ ഭവനനിർമാണ രംഗത്ത് വലിയ മാറ്റം ഉണ്ടായി. യഥാർഥത്തിൽ1956-ൽ ആരംഭിച്ചതും 1970-ൽ രൂപപ്പെടുത്തിയതുമായ ഭൂപരിഷ്കരണ നിയമമാണ് നമ്മുടെ സംസ്ഥാനത്ത് ഭവന നിർമാണ മേഖലയിൽ മുന്നേറ്റം നടത്തുന്നതിന് അടിത്തറ പാകിയത്. 1970-ൽ ആരംഭിച്ച ഗൾഫ് തൊഴിൽ മേഖലയിലേയ്ക്കുള്ള മലയാളികളുടെ കുടിയേറ്റവും ഗൾഫ്പണവും ഭവനനിർമാണമേഖലയിൽ വലിയ ചലനമുണ്ടാക്കി. മലയാളിയുടെ സാമൂഹിക സാമ്പത്തിക മേഖലകളിൽ മുന്നേറ്റമുണ്ടായതിന്റെ ആദ്യപടി ആധുനിക ഭവനങ്ങളുടെ നിർമാണമാണെന്ന് നിരീക്ഷിക്കേണ്ടതുണ്ട്. ഇതുമൂലം ചില സാമ്പത്തിക-സാമൂഹിക മാറ്റങ്ങളും പ്രകടമായി. കേരളത്തിൽ ആകമാനം വലിയ കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമിക്കപ്പെട്ടു. ഭൂമിയുടെ വിലയിലും കൂലി നിരക്കിലും വർധനയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാന പദ്ധതികൾ എന്നിവ പ്രയോജനപ്പെടുത്തി ലക്ഷംവീട് പദ്ധതി വഴി സാമൂഹിക-സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കിടയിൽ സമഗ്രമായ പാർപ്പിട പദ്ധതി നടപ്പിലാക്കി. ഇത് ഭവന നിർമാണ മേഖലയിൽ സംസ്ഥാനത്ത് വൻ കുതിപ്പുണ്ടാക്കി എന്നു മാത്രമല്ല, രാജ്യത്തെ ഏറ്റവും മികച്ച പാർപ്പിട സൗകര്യമുള്ള മേഖലയായി മാറുകയും ചെയ്തു. വലിയ തോതിലുള്ള നഗരവത്ക്കരണം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായി എന്നതും ശ്രദ്ധേയമാണ്. 2001-ൽ സംസ്ഥാനത്തെ നഗരവത്ക്കരിക്കപ്പെട്ട പ്രദേശങ്ങൾ 26 ശതമാനമായിരുന്നത് 2011-ൽ 48 ശതമാനമായി ഉയർന്നു.

പാർപ്പിട മേഖലയിൽ എണ്ണത്തിന്റെ കാര്യത്തിൽ മാത്രമല്ല നിലവാരത്തിലും മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. 2011-ലെ സെൻസസ് അനുസരിച്ച് കഴിഞ്ഞ 50 വർഷത്തെ കെട്ടിട നിർമാണ രംഗത്തെ വളർച്ച പരിശോധിക്കുമ്പോൾ ദേശീയ തലത്തിൽ അത് 20 മടങ്ങാണെങ്കിൽ സംസ്ഥാന തലത്തിൽ 30 മടങ്ങാണ്. പാർപ്പിടേതര ഭവനങ്ങളുടെ കാര്യത്തിലും ഇതേ വളർച്ചകൈവരിക്കാൻ കഴിഞ്ഞു. പാർപ്പിട അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിലും ഉയർന്ന വളർച്ച കൈവരിച്ചതായി 2011-ലെ സെൻസസ് വെളിവാക്കുന്നു. 2001-ൽ സംസ്ഥാനത്ത് 93.56 ലക്ഷംവീടുകൾ ഉണ്ടായിരുന്നത് 2011-ൽ 112.17 ലക്ഷംവീടുകളായി വർധിച്ചു. ഈ വീടുകളിൽ 80 ശതമാനവും സുസ്ഥിരമായ ചുമരും മേൽക്കൂരയുമുള്ള ഉറപ്പുള്ള വീടുകളാണ്. കേരളത്തിലെ 92 ശതമാനം വീടുകൾക്കും ഏറ്റവും കുറഞ്ഞത് രണ്ട് മുറികൾ വീതം ഉണ്ട്. ദേശീയ തലത്തിൽ ഇത് 59 ശതമാനം ആണ്. സംസ്ഥാനത്തെ 77 ശതമാനം വീടുകൾക്കും സമീപത്ത് തന്നെ കുടിവെള്ള സൗകര്യം ഉണ്ട്. ദേശീയ തലത്തിൽ ഇത് 51 ശതമാനം മാത്രമാണ്. വീടുകളിൽ ശൗചാലയം ഒരുക്കുന്ന കാര്യത്തിൽ ദേശീയ തലത്തിൽ 53 ശതമാനം ലക്ഷ്യം കൈവരിച്ചപ്പോൾ നമ്മുടെ സംസ്ഥാനത്ത് അത് 95 ശതമാനം ആണ് എന്നതും ശ്രദ്ധേയമാണ്. 95 ശതമാനം വീടുകളും വൈദ്യുതീകരിച്ചപ്പോൾ ദേശീയ തലത്തിൽ അത് 67 ശതമാനം മാത്രമാണ്.

> അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പാർപ്പിടം ഒരുക്കുക എന്ന ലക്ഷ്യം കൈവരിക്കാനാണ് സമ്പൂർണ പാർപ്പിട സുരക്ഷാ മിഷൻ അഥവാ 'ലൈഫി'ന് സർക്കാർ രൂപം നൽകിയിരിക്കുന്നത്. അന്തർദേശീയ തലത്തിൽ ശ്രദ്ധയാകർഷിക്കാൻ കഴിയുന്ന പാർപ്പിട രംഗത്തെ കേരള മാതൃകയായാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്

ഭവനനിർമാണ മേഖലയിൽ ഇപ്പോൾ ഏകദേശം 20 സർക്കാർ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. കേരള സംസ്ഥാന ഭവന നിർമാണ വകുപ്പ്, ഗ്രാമ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ഭവന നിർമാണ ബോർഡ്, സംസ്ഥാന നിർമിതി കേന്ദ്ര, ജില്ലാ നിർമിതി കേന്ദ്രങ്ങൾ, കുടുംബശ്രീ എന്നിവയാണ് പ്രധാനമായും ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനം ഭവന നിർമാണ ബോർഡാണ്. ഇതിനകം ഏകദേശം ഏഴ് ലക്ഷം വീടുകൾ നിർമിക്കുന്നതിന് ധന-സാങ്കേതിക സഹായം

ഈ സ്ഥാപനം നൽകിയിട്ടുണ്ട്. ഈ ഏജൻസികളുടെ ഏകോപനത്തിലൂടെ പാർപ്പിട രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ പാർപ്പിട മിഷന് കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

## വേണം, പ്രകൃതിസൗഹൃദ സാങ്കേതിക വിദ്യ

അശാസ്ത്രീയമായ നിർമാണ രീതികളാണ് ഇന്ന് പിന്തുടർന്ന് വരുന്നത്. കെട്ടിട നിർമാണത്തിന് വൻതോതിൽ പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്നത് പ്രകൃതിയുടെ നാശത്തിനു വഴിയൊരുക്കുന്നു. വർധിച്ചു വരുന്ന ആവശ്യകതയ്ക്കനുസരിച്ച് നിർമാണ മേഖല വളരുന്നുണ്ട് എന്നത് യാഥാർഥ്യമാണ്. എന്നാൽ ധാരാളിത്തവും വലിയതോതിലുള്ള പൊലിമയും ഈ മേഖലയെ തീരെ പ്രത്യുത്പാദനപരമല്ലാതാക്കി തീർത്തിട്ടുണ്ട്. ഭവന നിർമാണ മേഖലയിൽ കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പ്രകൃതി സൗഹൃദനിർമാണ സാമഗ്രികൾ കണ്ടെത്തുക എന്നതാണ്. പ്രകൃതിക്ക് ഇണങ്ങാത്ത ഉയർന്ന വിലയുള്ള നിർമാണ സാമഗ്രികൾക്ക് പകരം പ്രാദേശികമായി ലഭിക്കുന്ന പരിസ്ഥിതിക്ക് ഇണങ്ങുന്ന സുസ്ഥിര വാസത്തിന് അനുയോജ്യമായ നിർമാണ സാമഗ്രികൾ ഉപയോഗിക്കുന്നതിലേയ്ക്ക് നാം മാറേണ്ടിയിരിക്കുന്നു. പ്രകൃതിവിഭവങ്ങളുടെ ലഭ്യത വിലയിരുത്തികൊണ്ടുള്ള പ്രകൃതി സൗഹൃദ ഭവന നിർമാണത്തിന് പാർപ്പിട മിഷൻ മുൻതൂക്കം നൽകുന്നു.

അശാസ്ത്രീയ നിർമാണ രീതികൾ വഴി പാഴ്ചെലവും പ്രകൃതി നാശവും വ്യാപകമാകുന്ന സാഹചര്യത്തിൽ ശാസ്ത്രീയ നിർമാണ രീതികൾ അവലംബിച്ച് ചെലവ് കുറഞ്ഞ വീടുകൾ നിർമിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതുണ്ട്.

ആശയം അവലംബിച്ച് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കേണ്ടതുണ്ട്. പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വീടുകൾ, പാർപ്പിട സമുച്ചയങ്ങൾ എന്നിവ ഇപ്പോൾതന്നെ നിർമിച്ചു വരുന്നുണ്ട്. ചെലവ് കുറഞ്ഞ കെട്ടിട നിർമാണ സാങ്കേതിക വിദ്യകൾ അഥവാ സീഫ് ടെക്നോളജി വികസിപ്പിക്കുന്നതിന്റെയും പ്രചരിപ്പിക്കുന്നതിന്റെയും പ്രവർത്തനങ്ങൾ സംസ്ഥാന നിർമിതി കേന്ദ്രത്തിലൂടെ നടന്നു വരുന്നു. ഫാക്ടിലെ വളം നിർമാണത്തിന്റെ ഉപോത്പന്നമായ ജിപ്സം ഉപയോഗിച്ച് നിർമിക്കുന്ന ജി.എഫ്.ആർ.ജി പാനൽ ഇപ്പോൾ സംസ്ഥാനത്ത് ലഭ്യമാണ്. ഇത് ഉപയോഗിച്ച് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ചോറ്റാനിക്കരയിൽ സാഫല്യം ഭവന പദ്ധതിയിലൂടെ 24 വീടുകളുടെ നിർമാണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിക്കുമ്പോൾ സിമന്റ്, മണൽ, ചല്ലി എന്നിവയുടെ ഉപയോഗവും. നിർമാണ ഘട്ടത്തിൽ അനുഭവപ്പെടുന്ന കാലദൈർഘ്യവും വൻതോതിൽ കുറയ്ക്കുവാനും കഴിയും.ചെലവ് കുറഞ്ഞ കെട്ടിട നിർമാണ രീതികൾ പ്രചരിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പാർപ്പിട മിഷനിലൂടെ നടപ്പാക്കും.

കേരളത്തിന്റെ തനത് പാർപ്പിട ശൈലി മനോഹാരിതയ്ക്കും പ്രകൃതി സൗഹൃദത്തിനും പ്രശസ്തി ആർജിച്ചതാണ്. കാലാവസ്ഥയ്ക്ക് അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തിയതാണ് തനത് ശൈലി. ഹൈടെക്-കോൺക്രീറ്റ്-ആഡംബര ശൈലി പ്രകൃതിക്ക് മാത്രമല്ല സാമൂഹ്യ-സമ്പത്ത്വ്യവസ്ഥയ്ക്കും പ്രതികൂലമായി വർത്തിക്കുന്നു. ആഡംബരവസതികളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്.

അനുയോജ്യമായ തനത് പാർപ്പിട ശൈലി മടക്കിക്കൊണ്ടു വരാനുള്ള പ്രവർത്തനങ്ങൾ പാർപ്പിട മിഷനിലൂടെ ഊർജിതമാക്കും.

## ഒഴിഞ്ഞു കിടക്കുന്ന വീടുകൾ

ലക്ഷക്കണക്കിന് ഭവന രഹിതരുള്ള കേരളത്തിൽ



സുസജ്ജമായ ധാരാളം ഭവനങ്ങൾ ആൾതാമസമില്ലാതെ ഒഴിഞ്ഞു കിടക്കുന്നു എന്നത് നിർഭാഗ്യകരമാണ്. 2011 ലെ സെൻസസ് അനുസരിച്ച് 11.89 ലക്ഷം വീടുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഇത്തരത്തിലുള്ള അനാരോഗ്യകരമായ പ്രവണതകൾ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ പാർപ്പിട മിഷനിലൂടെ നടത്തും.

നമ്മുടെ നിർമാണ മേഖല നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് വൈദഗ്ധ്യമുള്ള

അഭാവം. കേന്ദ്ര സർക്കാർ വിവിധ നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അത് ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമല്ല. ഇതിനായി ജില്ലാ ബ്ലോക്ക് തലത്തിൽ നിർമാണ മേഖലയിലെ തൊഴിൽ നൈപുണ്യ വികസനത്തിനായി പരിശീലനം



നൽകുകയും വിദഗ്ധ തൊഴിലാളികളുടെ സംഘങ്ങളെ രൂപപ്പെടുത്തുകയും ചെയ്യും. ഇപ്പോൾ തന്നെ സംസ്ഥാന നിർമിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള ലാറിബേക്കർ ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിൽ ഭവന നിർമാണത്തിൽ വിദഗ്ധ പരിശീലനം നൽകി വരുന്നുണ്ട്. ഈ മാതൃകയിൽ സംസ്ഥാനത്ത് ഉടനീളം പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.

സർക്കാർ സഹായം ലഭിച്ച പല ഗുണഭോക്താക്കൾക്കും ഭവന നിർമാണം സമയബന്ധിതമായി പൂർത്തിയാക്കാൻകഴിയുന്നില്ല. പലരും നിർമാണം പാതിവഴിയിൽ ഉപേക്ഷിക്കുന്നു. ഇക്കാരണത്താൽ പല പദ്ധതികൾക്കും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിയുന്നുമില്ല. നിർമാണ സാമഗ്രികൾ ആവശ്യമുള്ള സമയങ്ങളിൽ ലഭിക്കുന്നില്ല എന്നതും അവയുടെ വില അടിക്കടി വർധിക്കുന്നുവെന്നതും ഇതിന്റെ കാരണമാണ്. ഭവനനിർമാണ ചെലവിന്റെ മുക്കാൽ ഭാഗവും നിർമാണ സാമഗ്രികൾക്കായാണ് വേണ്ടി വരുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ബ്ലോക്ക്-പഞ്ചായത്ത് തലങ്ങളിൽ മരം ഉൾപ്പെടെയുള്ള നിർമാണ സാമഗ്രികളുടെ സംഭരണവും വിതരണവും നടത്തുന്നതിനുള്ള സംവിധാനം ആരംഭിക്കും. ഇപ്പോൾ സംസ്ഥാന നിർമിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 11 ജില്ലാ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലുമായി 'കലവറ' എന്ന സംരംഭം ആരംഭിച്ച് സബ്സിഡി നിരക്കിൽ ബി.പി.എൽ വിഭാഗക്കാർക്ക് കെട്ടിട നിർമാണ സാമഗ്രികൾ വിതരണം ചെയ്യുന്നുണ്ട്. ഇത്തരം സംവിധാനങ്ങൾ സംസ്ഥാനത്ത് ഉടനീളം നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തും.

2015-ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് പ്രകാരം കേരളത്തിൽ 4,32,000 കുടുംബങ്ങൾ ഭവന രഹിതരായിട്ടുണ്ട്. ഇതിൽ 1,58,000 പേർ ഭൂ-ഭവന രഹിതരാണ്. 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ 5.3 ശതമാനം വീടുകളും കുടിലുകളാണ്. ഇടത്തരം വരുമാനമുള്ള വർക്കുംഉയർന്നവരുമാനമുള്ളവർക്കും, കേന്ദ്ര-സംസ്ഥാന ജീവനക്കാർക്കും പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും സ്വകാര്യ മേഖല ജീവനക്കാർക്കും ധാരാളം ഭവന നിർമാണ പദ്ധതികൾ നിലവിലുണ്ട്. സ്വകാര്യ-പൊതുമേഖല ബാങ്കുകൾ വഴിയും മറ്റ് ഭവന നിർമാണ സഹായ പദ്ധതികൾ വഴിയും വീട് നിർമിക്കുന്നതിന് വ്യാപകമായി ധനസഹായം ലഭിക്കുന്നുമുണ്ട്. എന്നാൽ സാമ്പത്തിക ദുർബല വിഭാഗങ്ങൾക്ക് ഇവയൊക്കെ ലഭിക്കാനുള്ള സാഹചര്യം കുറവാണ്. സമൂഹത്തിലെ സാമ്പത്തികദുർബല വിഭാഗങ്ങളെയാണ് പാർപ്പിട മിഷൻ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.ആയതിനാൽ പാർപ്പിട മിഷനിൽ ഭൂമിയുള്ള ഭവന രഹിതർ, ഭൂമിയില്ലാത്ത ഭവന രഹിതർ, ഭവന നിർമാണം പാതിവഴിയിൽ നിർത്തിയവർ, പുറമ്പോക്കിലോ തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താത്കാലിക ഭവനമുള്ളവർ എന്നിവരായിരിക്കും ഗുണഭോക്താക്കൾ. ഇവരിൽ തന്നെയുള്ള വിധവകൾ, അഗതികൾ, സ്ത്രീകൾ മാത്രമുള്ള കുടുബങ്ങൾ, അംഗവൈകല്യമുള്ളവർ, സ്ഥിരം രോഗാവസ്ഥയിൽ ഉള്ളവർ, അവിവാഹിതരായ അമ്മമാർ, ഭിന്നലിംഗക്കാർ എന്നിവർക്ക് പാർപ്പിട മിഷനിൽ മുൻഗണന നൽകുന്നു. ഗുണഭോക്താക്കളുടെ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടാൻ പാടില്ല. ഈ സംരംഭങ്ങളിൽ താത്പര്യമുള്ള സർക്കാരിതര സ്ഥാപനങ്ങൾ, പ്രവാസികൾ, മതസ്ഥാപനങ്ങൾ, വിവിധ വ്യവസായ ഗ്രൂപ്പുകൾ എന്നിവരെയും പാർപ്പിട മിഷനിൽ ഉൾപ്പെടുത്തും. കേരളത്തിലെ എൻജിനിയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, എ.ഡി.എസ്സുകൾ, അംഗൻവാടി ജീവനക്കാർ എന്നിവരെയും വിവിധ ഘട്ടങ്ങളിലായി പാർപ്പിട മിഷനിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കും.